# NHSS CHEMPERI

# ABSTRACTS




# LITTLE KITES 2019

# DIGITAL MAGAZINE

# ആമുഖം

അറിവ് മറ്റൊരാളിൽ നിന്ന് പകർന്നു കിട്ടുക എന്നതിനപ്പുറം സ്വയം നിർമ്മിക്കേണ്ടതാണ്. വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾക്കും ഉപകരണങ്ങൾക്കും ഇത്തരമൊരു പ്രക്രിയയിൽ വലിയ പങ്ക് വഹിക്കാനാവും. അതിനായി 'K I T E'[കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ്
ടെക് നോളജി ഫോർ എഡ്യുക്കേഷൻ സ്കൂളിൽ നടപ്പാക്കി
വരുന്ന ഹൈടെക് പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്.
കൈറ്റ്സിനായി നിർമ്മല എച്ച് എസ് എസിലെ അംഗങ്ങൾ
തയ്യാറാക്കിയ 'Abstracts എന്ന ഡിജിറ്റൽ മാഗസിൻ
ഐ.ടി ഫീൽഡിലുള്ള കഴിവുകൾ പ്രകടിപ്പിക്കാനുള്ള ഒരു
അവസരമായി മാറി. ഇത് വായനക്കാരെ കൗതുകത്തിന്റെ
മറ്റൊരു ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുമെന്ന് കരുതുന്നു..

# ***PAGE INDEX***

അമ്മ........................................1
ഓണത്തിരിച്ചറിയൽ...............2
വൃദ്ധപരിചദ്ധരണം....................3
ഗുരുനാഥൻ................................5
കൃഷിയുടെ നന്മ.........................6
മഞ്ഞ്.........................................8
യാത്രാവിവരണം.......................9
മാറ്റം തേടി................................10
വായനയുടെ മൂല്യം....................11
വിദ്യാലയം.................................13
അമ്മക്കിളിക്കൂട്.......................14
സാഹിത്യവും ചൈതന്യവും...15
വീണ്ടും........................................18
ജീവിതം.....................................19
സ്നേഹം......................................20
വെള്ളിത്തിങ്കൾ........................21
ഭയം...........................................22
നന്ദി..........................................23

# അമ്മ

അമ്മ തൻ മാതൃത്വം അറിയാത്തവരായി
ആരുണ്ടീലോകത്തിൽ ഉമ്പപോൽ
വെൺമയാർന്ന അമ്മതൻ
സ്നേഹം നുകരാത്തവരായി ആരുണ്ട്
അമ്മിഞ്ഞപ്പാൽ ഗന്ധം നുകരുന്നതാ
മാറിടത്തിൽ നിന്ന് ഒരു കുഞ്ഞോമന
തൻ ആദ്യ വാക്കാണമ്മ
ബാല്യ ഹൃദയം നോവുമ്പോൾ
പുഞ്ചിരിക്കുന്ന ആ അമ്മ മനസ്സിലും
നാം അറിയാതെ പോകുന്ന വേദനയുണ്ട്
അറിയണം ആ നൊമ്പരങ്ങൾ



# ഓണത്തിരിച്ചറിയൽ

കാട്ടിലകപ്പെട്ട ഒരു കാള കാട്ടുചെടികളും പുല്ലും തിന്നു നടക്കുകയായിരുന്നു. പെട്ടെന്ന് ഒരു സിംഹം കാളയുടെ മുമ്പിൽ
ചാടി വീണു. കാള പ്രാണൻ രക്ഷാർത്ഥം ഓടി ഒരു കാട്ടാടുകളുടെ ഗുഹയിൽ ചെന്നൊളിച്ചു. കാളയുടെ വരവ് ഇഷ്ടപ്പെടാത്തതിനാൽ അവർ ഓരോരുത്തരായി കാളയെ കുത്താൻ തുടങ്ങി. എങ്കിലും കാള പ്രതികരിക്കാത്തതിൽ പരിഹസിച്ച് ആടിന്റെ നേതാവ് കാളയെ ഭീരു എന്നു വിളിച്ചു. സിംഹം അവിടെയില്ല എന്ന് മനസില്ലാക്കിയപ്പോൾ കാള പറഞ്ഞു എനിക്ക് ശക്തിയില്ലാഞ്ഞിട്ടോ
വേദനയെടുക്കാതിരുന്നിട്ടോ അല്ല ഞാൻ നിങ്ങളോട് പ്രതികരിക്കാത്തത്. ഈ ഗുഹയ്ക്ക് മുമ്പിൽ ഒരു സിംഹം നിൽപ്പുണ്ട്
എന്റെ ഒച്ച കേട്ട് അത് അകത്തെത്തിയാൽ നിങ്ങൾക്കും അത് ആപത്താവും. ഇത് മനസിലാക്കിയ ആടുകൾ നിശബ്ദരായി കാളയുമായി സൗഹാർദത്തിലായി.



***Akhilesh MR***

***Jestin Mathew***

# വൃദ്ധപരിചരണം

നമ്മുടെ സമൂഹത്തിലെ മനുഷ്യരിൽ ഇരുപതു ശതമാനത്തിലധികവും വൃദ്ധജനങ്ങളാണ്. ജീവിതകാലം മുഴുവൻ അധ്വാനിച്ചതിനു ശേഷം വാർധക്യത്തെ അഭിമുഖീകരിക്കുമ്പോൾ അവർക്ക് അനേകം പ്രശ്നങ്ങൾ നേരിടേണ്ടി വരുന്നു.തിരക്കുപിടിച്ച ആധുനിക ജീവിതത്തിൽ വൃദ്ധജനങ്ങൾ പലപ്പോഴും അവഗണിക്കപ്പെടുന്നു. മാറിവരുന്ന




സാമൂഹ്യപരിതഃസ്ഥിതിയിൽ വൃദ്ധസദനങ്ങൾ വർധിച്ചുവരികയാണ്. തെരുവിൽ ഉപേക്ഷിക്കപ്പെടുന്ന വൃദ്ധജനങ്ങളും നിരവധിയാണ്.

അവഗണിക്കപ്പെടുന്ന വാർധക്യം ഒരു യാഥാർത്ഥ്യമാണ്. വൃദ്ധജനങ്ങളെ പരിപാലിക്കുന്നതിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അവർ സ്വന്തം ജീവിതം നമുക്കുവേണ്ടി സമർപ്പിച്ചവരാണ്. അവർ ഒരുക്കിത്തന്ന വഴികളിലൂടെയാണ് നാം മുന്നേറുന്നതെന്ന സത്യം വിസ്മരിക്കരുത്. വൃദ്ധരെ ശല്യമായി കരുതി


വൃദ്ധസദനങ്ങളിലും തെരുവിലും തള്ളുമ്പോൾ നാളെ നമ്മെ കാത്തിരിക്കുന്ന അനുഭവം ഓർക്കുന്നത് നന്ന്.

Amala Abraham &Avanyaka



# ഗുരുനാഥൻ

ആദ്യാക്ഷരമെന്നെ ഓതി പഠിപ്പിച്ച
പരമാർഥ പൊരുളാണെൻ്റ ഗുരുനാഥൻ
മനസ്സിൻ്റ ആഴത്തിൽ
അക്ഷരം പഠിപ്പിച്ച ഒരക്ഷര -
ദീപമാണെൻ്റ ഗുരുനാഥൻ
ഞാനൊന്നു പതറുമ്പോൾ -
നേർവഴി കാട്ടുന്നൊരീ -
ശ്വര തുല്യാമാണെൻ്റ ഗുരുനാഥൻ
തല്ലി പഠിപ്പിക്കാതെ ചൊല്ലി പഠിപ്പിച്ച
സുന്ദര സൂനമാണെൻ്റ ഗുരുനാഥൻ
നന്മയുടെ ശോഭപോൽ
എങ്ങും തെളിയുന്നൊര -
ന്ഗിയായി ജ്
എൻ്റ ഗുരുനാഥൻ



Muhsina&Alna

# കൃഷിയുടെ നന്മ

ഇന്ത്യ പൊതുവിൽ ഒരു കാർഷിക രാജ്യമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഇന്ത്യയ്ക്ക് സ്വാതന്ത്യ്രം ലഭിക്കുമ്പോൾ അതിന്റെ പരമപ്രധാനമായ ലക്ഷ്യങ്ങളിലൊന്ന് ഭക്ഷ്യസ്വയംപര്യാപ്തത എന്നതായിരുന്നു.
എന്നാൽ ഇത്രയും വർഷങ്ങൾ കഴിഞ്ഞിട്ടും ആ ലക്ഷ്യമിന്നും സ്വപ്നമായിത്തന്നെ തുടരുന്നു.
ഇന്ത്യയെ പുരോഗമനത്തിന്റെ പാതയിലേക്ക് നയിക്കുക എന്ന ലക്ഷ്യവുവായി നാം ശാസ്ത്ര സാങ്കേതിക-വിവരസാങ്കേതിക വിദ്യകൾക്കു പിന്നാലെ പാഞ്ഞപ്പോൾ കൃഷിയെ കുറിച്ചുള്ള സ്വപ്നങ്ങളുടെ പൊലിമ കെട്ടുപോയി.ഇന്ന് നാം കൃഷിയിടങ്ങൾ നികത്തി അവിടെ വലിയ കെട്ടിടങ്ങൾ പണിയുന്നതിൽ വ്യാപൃതരാണ്. കൃഷിയെ ബോധപൂർവമോ അബോധപൂർവമോ ആയി നമ്മൾ മാറ്റി നിർത്തുന്നു. ഫലമോ നമ്മുടെ ആഹാര സാധനങ്ങൾ പ്രത്യേകിച്ച് ധാന്യങ്ങൾ ഇറക്കുമതി ചെയ്യേണ്ട ഗതികേടിലേക്ക് നാം നയിക്കപ്പെട്ടു. വേണ്ടുവിധത്തിൽ



ശാസ്ത്രീയമായ രീതിയിൽ ഉപയോഗിക്കുകയാണെങ്കിൽ കൃഷിയേക്കാൾ ആദായകരമായ മറ്റു തൊഴിലിലില്ല. അതിനാൽ തന്നെ ഇന്ന് കൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാരുകൾ അനേകം സഹായ സഹകരണങ്ങൾ നൽകുന്നു.

പ്രകൃതിയെ കൂടാതെ;മണ്ണിനെ കൂടാതെ ഇന്ന് മനുഷ്യനില്ല. നമ്മുടെ സ്വാർത്ഥതാത്പര്യങ്ങൾക്കായി പ്രകൃതിയെ ചൂഷണം ചെയ്യുകയും, കൃഷിയിൽനിന്നികത്ത്

*‘വൈറ്റ് കോളർ’ ജോലികൾ അന്വേഷിച്ചു പോകുന്നവർ ഒരു കാര്യം ഓർമ്മിക്കുക-വേരില്ലാതെ ഒരു പടുകൂറ്റൻ വൃക്ഷത്തിനും നിലനിൽപ്പ് സാധ്യമല്ല.*




*Tom Mathew&Alex Joseph*

# മഞ്ഞ്



മഞ്ഞുമൂടിയ വെണ്മയേറിയ
ഭൂമീദേവിയുടെ ഇഷ്ടനേരം
(പഭാതവേളയിൽ ഒരു നിമിഷം
കുളിരു കോരുന്ന എന്
കൊച്ചു പൂങ്കാവനം ദൃഷ്ടിയിൽ
വിറച്ചു വിറച്ചു കുളിരാൽ, വിറയ്ക്കുമീ
ചുവന്ന പനിനീർ കുസുമ്മ
നിനക്കു ഞാനെന്റെ ചുവന്ന കമ്പിളി
ഒരു സമ്മാനമായി നൽകുന്നിതാ
മായാ പ്രപഞ്ചത്തിൽ മായയിൽ മുങ്ങിയ
വെള്ളാരം കല്ലിന്റെ കൂട്ടുകാരി
പുൽനാമ്പിൽ ഇറ്റിറ്റു വീഴുന്ന
*നല്ല മായായുഗത്തിന്റെ പൊൻസ്പർശം*

*Aparna A jeesh&Anjana Sasi*

# യാത്രാവിവരണം

എൻെറ ജീവിതത്തിൽ ഞാൻ ഒരിക്കലും മറക്കാത്ത ഒരു യാത്രയാണ് സ്കൂളിൽ നിന്നും ഈ വർഷം മൈസൂറിലേക്ക് പുറപ്പെട്ട പഠനയാത്ര.എൻെറ ക്ലാസിലെ സുഹൃത്തുക്കളെല്ലാം തന്നെ ഇതിൽ പങ്കെടുത്തു.

മൈസൂർ മൃഗശാല സന്ദർശിച്ചതിന്റെ ഫലമായി വ്യത്യസ്ത മൃഗങ്ങളെയും പക്ഷികളെയും കാണാൻ സാധിച്ചു.ചരിത്രത്തിന്റെ ഒരേയൊരു മൈസൂർ

പാലസും ഞങ്ങൾ സന്ദർശിച്ചു.അതിനുശേഷം ചാമുണ്ഡി സന്ദർശിക്കുകയുണ്ടായി.പൂക്കളുടെ വർണ്ണ ലോകമായ വൃന്ദാഭവൻ ഗാർഡന്റെ സന്ദർശനത്തിനു ശേഷം ആ ദിവസത്തെ യാത്ര ഞങ്ങൾ അവസാനിപ്പിച്ചു. പിറ്റേ ദിവസം ജലത്തിന്റെ വിസ്മയ ലോകമായ വണ്ടർല സന്ദർശിച്ചു. അതിനുശേഷം വത്സമ്മ ടീച്ചറുമായി സംവാദത്തിൽ ഏർപ്പെട്ടു. ടീച്ചറുടെ ക്ലാസിൽ പ്രധാനമായും ടീച്ചർ സംസാരിച്ചതും

ഞങ്ങൾ മനസിലാക്കിയതും ഒരു വലിയ പാഠമാണ്. ഭൂരേഖയല്ലാം ഒരു ഭൂപ്രദേശമെന്നത്. അതിനുശേഷം ഞങ്ങൾ വീട്ടിലേക്ക് മടങ്ങി.

Nayana Raj c&Ayona Sojan

# മാറ്റം തേടി

സത്ര സംഗീതവും പാടി നോക്കുന്നിതാ
പവനം പാവയും താമസമായി
സത്ര സങ്കീർത്തനം തേടി പോവുന്നിതാ
നീരുറവകൾ തൻ നീര് തേടി
സർവവും ശോഷിയായ് ശാരതം പൂശുന്ന
മിന്നുന്ന മിന്നാമിനുങ്ങിന്റെ നാദവും
അമ്മയും അച്ഛനും മമ്മിയും ഡാഡിയും
ആയി മാറുന്ന വേദികൾ പെരുകിടുന്നു
തെങ്ങിന്റെ മുകളിലെ തേങ്ങാക്കുലകൾ
വിരിയുന്ന മധുരവും മധുരാനു ഭൂതിയും
മാറ്റം മാറ്റം അനുമാത്രം വിരിയുന്നു
മനുഷ്യന്റെ ഹൃദയങ്ങളിലൊരു തിരിനാളമായി.


# വായനയുടെ

# മൂല്യം

നമ്മുടെ ജീവിതത്തിൽ ഒഴിച്ചുകൂടാൻ സാധിക്കാത്ത ഒരു ഘടകമാണ് വായന. അറിവുനേടാൻ സഹായിക്കുന്നു.വായന ഒരു രാജകീയ കലയാണ്.വായന നമ്മുടെ ഭാവനയെ വളർത്തുന്നു. ഒരുനാടിന്റെ സംസ്കാരങ്ങളും മഹത്വങ്ങളും മനസിലാക്കാൻ വായന സഹായിക്കുന്നു.ഒരു മനുഷ്യനിൽ ലക്ഷ്യബോധം ഉണ്ടാക്കാൻ സഹായിക്കുന്ന പ്രധാന ഘടകമാണ് വായന. വായന ഒരു പുതിയ



അറിവിൻെറ ലോകത്തിന് വഴി തെളിയിക്കുന്നു.
 വായിച്ച്‌ വളർന്നവയെല്ലാം ജീവിതത്തിൽ ഉന്നത നിലയിൽ എത്തിച്ചേർന്നിട്ടുണ്ട്. വാചാലശേഷിയെ വികസിപ്പിക്കാൻ വേണ്ടി വായന ഒരു പ്രധാന പങ്ക് വഹിക്കുന്നു. ചിന്താശേഷിയെ ഏകീകരിക്കാൻ വായന ഒരു വലിയ പങ്ക് വഹിക്കുന്നു.ഒരു വ്യക്തിയുടെ സ്വഭാവരൂപീകരണത്തിന് വായനയുടെ പങ്ക് വളരെ വലുതാണ്. അനേകം പുസ്തകം വായിക്കുന്നവർക്ക് ഏകാന്തത അനുഭവപ്പെടുകയില്ല. വായന  എന്ന കല ഒരിക്കലും അവസാനിക്കുന്നില്ല.



Ann Mariya&Jesna

# വിദ്യാലയം

വിദ്യാലയമെന്ന മുറ്റത്തുവച്ചുനാം
അധ്യാപകരെന്ന രണ്ടാം മാതാപിതാക്കളെ കണ്ടുമുട്ടുന്നു;
അന്നാ നിമിഷം മുതൽ ആ അധ്യാപകർ അവരുടെ മക്കൾക്ക്
നൽകേണ്ട സ്നേഹത്തിൻെറ് പകുതി അംശം തൻെ്റ കുട്ടികൾക്കായി
പകർന്നു നൽകി തുടങ്ങുന്നു. ഈ അധ്യാപകരുടെ സ്നേഹം നിറഞ്ഞാടുന്ന
വീടാണ്. വിദ്യാർത്ഥികളും അധ്യാപകരും ഉൾപ്പെടുന്ന വിദ്യ പകരുന്ന
എൻെറ വിദ്യാലയം. അന്നു ഞാൻ
അറിയുന്നു വിദ്യ ഓതി നൽകുന്ന
ഈ അധ്യാപകർ എൻെറ രണ്ടാം
മാതാപിതാക്കളാണെന്ന് . ഗുരു
എന്ന രണ്ട അക്ഷരത്തിനർത്ഥം
പകരുന്ന സ്നേഹപാലനം.നാം ആ
മുററത്തുനിന്ന് പടിയിറങ്ങുന്നതുവരെ
അവർ പറഞ്ഞുതന്ന വിദ്യകൾ
ഉൾക്കൊണ്ട് ജീവിതത്തിന് അർത്ഥം കണ്ടു മുമ്പോട്ടു കുതിച്ചു ചാടുന്നു .
ഈ അധ്യാപകരുടെ സ്നേഹം നിറഞ്ഞുതുളുമ്പുന്ന രൂണുകൾ നിറഞ്ഞ്
വർണ്ണങ്ങൾ ചാലിച്ച വിദ്യാലയം നാം അറിയുന്നുണ്ടല്ലോ



Aswanth&Dibin Thomas

# അമ്മക്കിളിക്കൂട്

മൃദുലഹൃദമായ  മാറോട്  ചേർത്ത് മടപ്പിൽ
നിന്നും മാറ്റിനിർത്തുകയും
അവരുടെ കൈത്തണ്ടിൽ വിശ്രമത്തി-
നായി ഒരുക്കുമ്പോഴും
എന്റെ കവിളുകളിൽ  മധുരമായ ചും-
ബനങ്ങൾ  നൽകുന്നതും



ഞാൻ  ഉറങ്ങാതെ എന്റെ  തുറന്ന
കണ്ണുകളിൽ നോക്കുന്നതും
നിശബ്ദതയിൽനിന്നും ഒരു മനോ-
ഹരമായ പാട്ട് പാടുന്നതും
എന്റെ  പാവയെ ആരോ ഉടുപ്പിക്കുന്നതും
എന്നെ കളിക്കാൻ പഠിപ്പിക്കുന്നതും
ഞാൻ എന്തു പറയണമെന്ന് ചിന്തി-
ക്കുന്നതും
ഞാൻ വീഴുമ്പോൾ എന്നെ താങ്ങി
നിർത്തുകയും
മധുരമായ കഥകൾ പറയുന്നതും
ഞാൻ കരയുമ്പോൾ ആശ്വസി-
പ്പിക്കുന്നതും
എന്നെ സ്നേഹിക്കുന്ന എന്റെ അമ്മ.........

Stephin Vincent&Derin Joseph

# സാഹിത്യവും ചൈതന്യവും

സാഹിത്യവും ചൈതന്യവും എന്നും
നിലക്കുന്നതാണ് അതിന് കാലാന്തരത്തിൽ
യാതൊരു മാറ്റവും സംഭവിക്കുകയില്ല
ഒരാളുടെ മരണ ശേഷം അയാളുടെ ഓർമ്മകൾ
അധികം
നീളുന്നില്ല എന്നാൽ സാഹിത്യകാരന്മാർ എന്നും
നിലനിൽക്കുന്നു
എഴുത്തച്ചനും
കാളിദാസനുമെല്ലാം അത്തരം
സാഹിത്യകാരന്മാരിൽ  പ്രധാനികളാണ്
നാമുപയോഗിക്കുന്ന
മലയാളഭാഷ എഴുത്തച്ചന്റെ സംഭാവനയാണ്
അതിലൂടെ അദ്ദേഹം
ജീവിക്കുന്നു ചുരുക്കം വരികളിൽ
അതിമനോഹരമായ ആശയം
നിറക്കാൻ അദ്ദേഹത്തിന് സാധിക്കുന്നു



ഏഴ്ക്കൃതികളിൽ നിന്നും

ലോകോത്തര
സാഹിത്യകാരനായ വ്യക്തിയാണ് കാളിദാസൻ
ഋതുസംഹാരം,
മേഘസന്ദഷം ,രഘുവംശം, കുമാരസംഭവം
,മാളവികാഗ്നി മിത്രം
എന്നീ കൃതികൾ മാത്രം ഇത്രയും കൊണ്ടുതന്നെ
അദ്ദേഹം അനശ്വരമായ
കീർത്തി സമ്പാതിച്ചിരുന്നു
ആറ് കൃസർഗ്ഗങ്ങളുള്ള ചെറുകഥയായ
ഋതുസംഹാരത്തിൽ
ഗ്രീഷ്മം മുതൽ ആറ് ഋതുക്കളെ  ക്രമത്തിൽ
വർണ്ണിച്ചിരിക്കുന്നു ഇതിൽ
കവിയുടെ അഗാധമായ പ്രകൃതി സ്നേഹിയും
ആശയ സന്തുഷ്ടിയും
നിഴലിച്ച് കാണുന്നു
മേഘം വഴി പതിക്ക് യക്ഷൻ
സന്ദേശമയക്കുന്നതിനെയാണ് മേഘസന്ദേശം
എന്ന കൃതിയിൽ പ്രതിബാദിച്ചിരിക്കുന്നത്
പാർവ്വതി പരമേശ്വരന്മാരുടെ പ്രണയവും
സുബ്രമ്മണ്യ ജനനവ്വും താകാസുരവധവും
കുബാര സംഭവവത്തിൽ പ്രതിജ്ഞദിച്ചിരിക്കുന്നു
ദിലീപൻ മുതൽ അഗ്നിവർണ്ണൻ വരെയുള്ള രഘുവും
ശരാജാക്കൻമാരുടെ ജീവിതം രഘു വംശത്തിൽ
വിവരിക്കപ്പെടുന്നു

മാളവികാഗ്നി മിത്രത്തിൽ
അഗ്നിമിത്രനെന്നസുംഗരാജാവിന്റെ
ജീവിതത്തെയും പുരൂരവസും ഉർവശിയും
തമ്മിലുള്ള പ്രണയബന്ധം
വികമോർവശീയത്തിലും വിവരിക്കുന്നു
ശാകുന്തളത്തിൽ ദുശ്യന്ത
ശകുന്തളമാരുടെ പ്രണയ വിവാഹവും ജീവിതവും
അതിമനോഹര
വിവരിക്കുന്നു ഇതെല്ലാം കാളിദാസനെ
മഹാകവിയാക്കി



Aneeta P S&Ann Mariya

# വീണ്ടും

എനിക്കായ് ഉരുകും മെഴുതിരിയാണെൻ അമ്മ
എനിക്കായ് അടരും ഒരുപൂവായെൻ അച്ഛൻ
ഇരുളിൻ നടുവിൽ അലയായ് അലയുന്നീ ഞാൻ
അഴലിൻ അരുകിൽ ഉലയുകയായ് ഇന്നീ ഞാൻ

എല്ലാം എനിക്കായ് ത്യജിക്കുമ്പോൾ ചങ്ങാതി
എല്ലാം ഒട്ടുവിൽ അറിയുമ്പോൾ ഇന്നീ ഞാൻ
ഇവരെൻ ഉയിരായ്   ഒഴുകുകയാണെൻ ഹൃത്തിൽ
ഇവരാൽ ഉയിരെൻ പാതയിലിന്നു വന്നേൻ

മരണ ചുഴിയിൽ അകപ്പെട്ടു ഇന്നീ ഞാൻ
മായാ ലോകമെൻ ചാരെ വന്നണഞ്ഞേ
മായില്ലാ മനസ്സിൻ മനതാരിൽ നിങ്ങൾ
മഴയായ് പൊഴിയും ഞാനൊരു കണ്ണീരായ് വീണ്ടും.....

Christa Ann&Swathi Krishna

# ജീവിതം

തളിരിലകൾക്കുമപ്പുറത്ത്
ജീവിതത്തിൻെറ ഇരുൾ
കുഴിയിൽ നിന്നും
പകലിനായിക്കേഴുമ്പോൾ



പകലെ(ത സുന്തരം
നിശയിൽ വിടരുന്ന
നിശാഗന്ധി പുഷ്പമായി
പുതു(പതീക്ഷയ്ക്കായി അലറുന്നു
ഞാൻ
സ്വപ്നങ്ങൾ ദേശാടന
പക്ഷിപോലെയകലുന്നു
പകലെ നിന്നെ നിന്നെ
തിരഞ്ഞിടുവാൻ ഇനിയെ(ത
അലഞ്ഞിടണം ഞാൻ
പകലാം അനു(ഗഹമറിഞ്ഞിടുവാൻ
പകലെന്ന സത്യം തിരഞ്ഞിടുന്നു ഞാൻ
ഇന്നു ഞാൻ അറിയുന്നു
പകലിന്റെ ദുഃഖം പകലിന്റെ സത്യം
പകലുകൾ മൊഴിയുന്ന നൊമ്പരങ്ങൾ

Simon M Sabu &Benson Benny

# സ്നേഹം

സ്നേഹത്തിന് ജാലകം തുറന്നുതന്ന
ആദ്യമാം കൈകളെ ഞാൻ ഇന്നും
കണുന്നു മധുരമാം എൻ മനസ്സിൽ
തുമ്പത്ത് സ്നേഹിൻ പൂവായി
എത്തിടാമോ, നീ പൂങ്കുരുവികളപ്പോൽ
പാറിനടന്നീടും മധുരസ്നേഹമോ
ആരിലും കാണ്മു നിൻ സ്നേഹത്തിന്
രാവുകൾ ഓടിക്കളിക്കുന്നു എന്നുടെ
ജീവനിൽ പൂവെണ്ണിലാവിൽ രാവോ വരു എൻ
അമ്പികയെ വരൂ എൻ സ്നേഹമേ



Emmanuel Raju

# വെള്ളിത്തിങ്കൾ

പിഞ്ച്ചുകാൽകൾ തളർന്നു,കുഴഞ്ഞു
അവർ ഓടിയണഞ്ഞു അമ്മതൻ ചാരേ....
മാതേ... ഭക്ഷിപ്പതിന്നൊന്നുമില്ല
ആമാശയത്തിൻ കരച്ചിൽ ശമിക്കാൻ.......

അൽപ്പനിമിഷം ക്ഷമിക്കനിൻ പൈച്ച്
പോയ് വിളയാടുവിൻ സോദരരോടൊപ്പം
ഇപ്പോൾ കുളിൽതണ്ണീർ ഭുജിക്കനി
ശമിക്കും നിൻ ദാഹവും
കൊടുംവിശപ്പും



അമ്മതൻ വാക്കുകൾ കേട്ടപാടെ
ഉണ്ണികൾ വന്നു തണ്ണീർ കുടിപ്പാൻ
ഈ കാഴ്ച്ച കണ്ടുനിന്നമ്മതൻ
മിഴിയിൽ
നിന്നുറ്റു വീണു ഇന്ദ്രനീല തുള്ളികൾ

ക്ഷീണിച്ചവശരായെത്തുന്നപൈതങ്ങളോട്
എന്തുമറുപടിയോതുമെന്നോർത്തമ്മ
നേത്രങ്ങൾതൻ ദൃഷ്ടിക്കും അകലെ

നോക്കി വിതുമ്പിയിരുന്നങ്ങനെ.

പാഞ്ഞത്തിവൂണ്ടുമൊരാൾ വിശപ്പാൽ
ചോദിച്ചു ശമനത്തിനുള്ളുപാധി
താതൻ വരുമ്പോൾ വരുമുപാതി ചൊല്ലി
കണ്ണീർ തൂവി പാഞ്ഞു അമ്മ

Salvin Sabu Thomas

# ഭയം

വീട്ടിൽ അമ്മ തനിച്ചാണ് സാർ അമ്മക്ക് പത്ത്  എഴുപത്
വയസായയലോ  എന്ന ധൈര്യത്തിലാ ഞാൻ ഇവിടെ
 ഇ(തയും ദൂരെ മേൽ ഉദ്യോഗസ്ധനെ
മുറിയിലേക്ക് ഓടി കയറി വന്ന് പിച്ചും പീയും പറയുന്നത്
പോലെ പറഞ്ഞ അയാൾ പെട്ടെന്നോർത്തപോലെ
അയാൾ കിതച്ച്  ശീതികരിച്ചു മുറിയിലെ കനച്ചു
തണുപ്പിനെ വകവെക്കാതെ.

Mareena V Jomichan



# നന്ദി

Little kites- ൻെറ ഭാഗമായി NHSS ചെമ്പേരിയിലെ
Kite അംഗങ്ങൾ തയ്യാറാക്കിയ Digital
Magazine- നുമായി ഞങ്ങളോട് സഹകരിച്ച
എല്ലാവർക്കും വിനീതമായ നന്ദ ി പ്
രകടിപ്പിച്ചുകൊണ്ടും എല്ലാവർക്കും മാഗസിൻ
ഇഷ്ടമായി എന്ന വിശ്വാസത്തോട് കുടി.....

**നന്ദി...**

# ABSTRACTS

